ഇതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ന്യൂനപക്ഷ ക്ഷേമവകുപ്പ് മുതലായ ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് അവരുടെ ആവശ്യപ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയായി വിതരണശൃംഖല വിപുലീകരണമുൾപ്പെടെയുള്ള ചെറുകിട പദ്ധതികളും നടപ്പിലാക്കി വരുന്നു. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം നിറവേറ്റുന്നതിലേക്കായി കേരള സർക്കാർ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിലൊന്നാണ് ജലനിധി രണ്ടാംഘട്ട പദ്ധതി. ജനുവരി 2012-ൽ ആരംഭിച്ച പദ്ധതി ജൂൺ 2017-ഓടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 1022 കോടി രൂപ അടങ്കലുള്ള ഈ പദ്ധതി പൂർത്തിയാകുന്നതോടുകൂടി ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട 115 ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ചേർത്തല താലൂക്കിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ ജിക്ക ധനസഹായത്തോടെയുള്ള ചേർത്തല ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും പൂർണ്ണതോതിൽ പ്രയോജനം ലഭിക്കുന്നതിനായി പൈപ്പുകൾ സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് പൈപ്പ് സ്ഥാപിക്കുന്നതിനായി നബാർഡിന്റെ ധനസഹായത്തോടെ അരൂർ, ചേർത്തല നിയോജകമണ്ഡലത്തിലെ 18 പഞ്ചായത്തുകളിലേയ്ക്കായി നടത്തുന്ന പദ്ധതിക്കായി ടെണ്ടർ വിളിച്ച് അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകൾക്കും ആവശ്യമായ ശുദ്ധജല വിതരണം നടത്താൻ സാധിക്കുന്നതാണ്. ഈ പദ്ധതിയിലൂടെ അപേക്ഷിക്കുന്ന എല്ലാവർക്കും പുതിയ കണക്ഷൻ നൽകാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ നിരന്തരമായി മറവൻ തുരുത്തിൽ പൊട്ടുന്ന ജി.ആർ.പി.പൈപ്പ് (പ്രധാന പമ്പിംഗ് മെയിൻ) മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയാണ്. ഈ പണികൾ പൂർത്തിയായിക്കഴിഞ്ഞാൽ പൂർണ്ണതോതിൽ ജലം പമ്പ് ചെയ്യുവാനും ശുദ്ധജലക്ഷാമം പരിഹരിക്കുവാനും കഴിയും.

മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

221 (886) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് കഴിഞ്ഞ നാല് വർഷമായി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും മറ്റുള്ളവ നിർവ്വഹണത്തിന്റെ ഏതു ഘട്ടങ്ങളിലാണെന്നും അറിയിക്കാമോ ;

(സി) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കായുള്ള പാവറട്ടി കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മണലൂർ നിയോജക മണ്ഡലത്തിൽ രണ്ടു കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1. മണലൂർ-കാരമുക്ക് വില്ലേജ് കുടിവെള്ള പദ്ധതി.
2. വെങ്കിടങ്ങിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.

(ബി) മണലൂർ- കാരമുക്ക് വില്ലേജ് കുടിവെള്ള പദ്ധതി-ഈ പദ്ധതി പൂർത്തീകരിച്ച് 21-4-2015-ൽ കമ്മീഷൻ ചെയ്തു.

വെങ്കിടങ്ങിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഈ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. വിതരണശൃംഖലയിലെ പൈപ്പുകളിലെ ചാർജ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലുമാണ്. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൂടി പൂർത്തീകരിച്ച് 30-6-2015-ൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.

(സി) പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയുടെ സർവ്വേ ജോലികൾ പൂർത്തിയാക്കി ഭരണാനുമതി ലഭിക്കുന്നതിനായിട്ടുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതി

222 (887) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുടിവെള്ള പൈപ്പുകൾ ദീർഘിപ്പിക്കുന്നതിന് നബാർഡിന്റെ സ്കീമിൽനിന്നും പണം അനുവദിച്ചു കിട്ടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly